പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1971 **26-10-2026-ൽ മറുപടിയ്ക്ക്**

കാലഹരണപ്പെട്ട മരുന്നുകളുടെ സംഭരണം മൂലമുള്ള സാമ്പത്തിക നഷ്ടം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. കെ. ജയന്ത്

ശ്രീമതി ഉഷ വിജയൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ അനാവശ്യമായി മരുന്നുകളും ഉപകരണങ്ങളും വാങ്ങിക്കൂട്ടി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ

മറുപടി: അവശ്യ മരുന്ന പട്ടിക, മരുന്ന സംഭരണ വിതരണത്തിനായി ഉപയോഗിക്കുന്ന കേന്ദ്രീകൃത സോഫ്റ്റ്വെയറായ ഡി.ഡി.എം.എസ്. മുഖേന പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് തലം വരെയുള്ള സർക്കാർ ആശുപത്രികൾക്ക് ലഭ്യമാക്കുകയും, ടി. ആശുപത്രി മേധാവികൾ സമർപ്പിക്കുന്ന വാർഷിക ഇൻഡന്റ് ജില്ലാ തലത്തിൽ പരിശോധിച്ചശേഷം ബന്ധപ്പെട്ട വകുപ്പ് ഡയറക്ടർമാർ അംഗീകരിച്ചു നൽകുന്ന അന്തിമ വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിലാണ് മരുന്ന സംഭരണത്തിനായുള്ള ദർഘാസ് ക്ഷണിക്കുന്നത്.

ഓരോ സാമ്പത്തിക വർഷവും ആരംഭിക്കുന്നതിന് ഏകദേശം 6 മാസം മുമ്പാണ് സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്ക് ആവശ്യമായ മരുന്ന പട്ടികയിൽ ഉൾപ്പെട്ട മരുന്നുകളുടെ വാർഷിക ഇൻഡന്റ് ഓൺലൈനായി ശേഖരിക്കുന്നത്. ടി ഇൻഡന്റ് ആശുപത്രി തലം, ജില്ലാ തലം, സംസ്ഥാന തലം എന്നിവിടങ്ങളിൽ സൂക്ഷ്മപരിശോധന നടത്തിയശേഷമാണ് ബന്ധപ്പെട്ട വകുപ്പ് ഡയറക്ടർ (ആരോഗ്യവകുപ്പും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും) അംഗീകാരം നൽകുന്ന വാർഷിക ഇൻഡന്റുകൾ കോർപ്പറേഷനിൽ ലഭ്യമാകുന്നത്. അത്തരത്തിൽ ആരോഗ്യ വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ദേശീയ ആരോഗ്യ ദൗത്യം, കേരള സ്റ്റേറ്റ് എയിഡ്സ് കൺട്രോൾ സൊസൈറ്റി, ജയിൽ ആശുപത്രികൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന വാർഷിക ഇൻഡന്റുകൾ ക്രോഡീകരിച്ച് ഒക്ടോബർ, നവംബർ മാസങ്ങളിലാണ് ദർഘാസുകൾ ക്ഷണിക്കുന്നത്.

(ബി) കാലഹരണപ്പെട്ട മരുന്നുകളുടെ ആകെ അളവും മൂല്യവും എത്രയെന്നും മരുന്നുകൾ സംഭരിക്കാനും കാലഹരണപ്പെടാനും ഇടയായ കാരണങ്ങളും സാഹചര്യങ്ങളും കണ്ടെത്താൻ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ എന്നും വിശദമാക്കുമോ;

മറുപടി: കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ കാലഹരണപ്പെട്ട മരുന്നുകളുടെ നിർമ്മാർജന പ്രക്രിയ നടന്നിട്ടില്ല. KMSCL വിതരണം ചെയ്തതും 01.06.2019-ന് മുമ്പ് കാലാവധി കഴിഞ്ഞതും 6,74,08,926.39 രൂപ മൂല്യമുള്ളതുമായ മരുന്നുകളിൽ ഗുണനിലവാരം ഇല്ലെന്ന് കണ്ടെത്തിയവ/കരിമ്പട്ടികയിൽ

ഉൾപ്പെട്ടവ/ പരാതികൾ ലഭിച്ചതിനെ തുടർന്ന ഉപയോഗം മരവിപ്പിച്ചവ (NSQ/Blacklisted/Freezed – Expired Drugs and Consumables) എന്നിവ മാത്രമാണ് ഉപയോഗശൂന്യമായി പ്രഖ്യാപിച്ച് നിർമാർജനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(സി) കാലഹരണപ്പെട്ട മരുന്നുകൾ ശാസ്ത്രീയമായി നശിപ്പിക്കുന്നതിനായി ഈ കാലയളവിൽ ചെലവഴിച്ച തുക എത്രയെന്നും കാലഹരണപ്പെട്ട മരുന്നുകളുടെ സംഭരണം മൂലമുള്ള ഇത്തരം പാഴ് ചെലവ് ആവർത്തിക്കാതിരിക്കാൻ ഉള്ള നടപടികൾ സ്വീകരിക്കുമോയെന്നും വിശദമാക്കുമോ?

<u>മറുപടി:</u> കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ കാലഹരണപ്പെട്ട മരുന്നുകളുടെ നിർമ്മർജന പ്രക്രിയ നടന്നിട്ടില്ല. KMSCL വിതരണം ചെയ്തതും 01.06.2019-ന് മുമ്പ് കാലാവധി കഴിഞ്ഞതും 6,74,08,926.39 രൂപ മൂല്യമുള്ളതുമായ മരുന്നുകളിൽ ഗുണനിലവാരം ഇല്ലെന്ന് കണ്ടെത്തിയവ/കരിമ്പട്ടികയിൽ ഉൾപ്പെട്ടവ/ പരാതികൾ ലഭിച്ചതിനെ തുടർന്ന ഉപയോഗം മരവിപ്പിച്ചവ (NSQ/Blacklisted/Freezed – Expired Drugs and Consumables) എന്നിവ മാത്രമാണ് ഉപയോഗശൂന്യമായി പ്രഖ്യാപിച്ച് നിർമാർജനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ